# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.2170/23/എസ്റ്റ.എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 02/03/2023

## സർക്കുലർ

വിഷയം:- ദേവസ്വങ്ങളിലെ വഴിപാട് രസീതുകളിൽ വ്യക്തമായും പൂർണ്ണമായും വിവരങ്ങൾ രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:- ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 02/02/2023 ലെ എഫ്.എ.ഒ.68/23/ഐ.എ.ഡി നമ്പർ റിപ്പോർട്ട്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ദേവസ്വങ്ങളിൽ ആഡിറ്റ് നടക്കുന്ന വേളയിൽ 6-ാം നമ്പർ രസീതിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്താത്തത് കാരണം ചുമതല തുക തിട്ടപ്പെടുത്തുവാൻ കഴിയുന്നില്ലായെന്നും, (ഉദാ:ചാവി പൂജയുടെ രസീതിൽ പഴയത്, പുതിയത് എന്നുള്ളതും വാഹനപൂജ രസീതിൽ 2 ചക്രം, 4 ചക്രം വാഹനം എന്നുള്ളതും പൂർണ്ണമായി രേഖപ്പെടുത്താത്തത്) ചുമതല തുക തിട്ടപ്പെടുത്തി കഴിഞ്ഞാൽ തന്നെ ആയതിന്ശേഷം നിരവധി ആക്ഷേപങ്ങൾ ഉയർന്നുവരുന്നതായും വിവരിച്ച് സൂചന റിപ്പോർട്ട് ലഭിച്ചു.

ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ടിലെ വസ്തുതകൾ പരിഗണിച്ച്, ദേവസ്വങ്ങളിലെ വഴിപാട് രസീതുകളിൽ വ്യക്തമായ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നതിന് രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2) ഐ.റ്റി സെക്ഷൻ
3) സെക്ഷൻ ഫയൽ

Jyo.01/03